സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയാൻ നടപടി

93 [48] *ശ്രീ. കെ. പി. രാജേന്ദ്രൻ:*

" *എം. കുമാരൻ:*

" *ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെൺകുട്ടികളെ തട്ടിക്കൊണ്ട് പോകൽ, സ്ത്രീകളെ മാനഭംഗപ്പെടുത്തൽ തുടങ്ങി സ്ത്രീകൾക്കുനേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ നാലു വർഷം കൊണ്ട് ഇത്തരത്തിലുള്ള എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) കിളിരൂർ, കവിയൂർ കേസുകളുടെ അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) തൊഴിൽ മേഖലകളിലും യാത്രാവേളകളിലും സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഇ) ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്നതിന് പോലീസ് സേനയിൽ ഇന്നുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സ്ത്രീകൾക്കെതിരെയും കുട്ടികൾക്കെതിരെയുമുള്ള അതിക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ കണ്ടെത്തി നിയമമനുശാസിക്കുന്ന പരമാവധി ശിക്ഷ ലഭിക്കുന്ന നിയമ നടപടികൾ കൈക്കൊണ്ടുപോരുന്നു.

(ബി) വർഷം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.†

(സി) കിളിരൂർ, കവിയൂർ കേസുകൾ സി. ബി. ഐ. അന്വേഷിച്ചുവരുന്നു.

(ഡി) പൊതുസ്ഥലങ്ങളിൽ വനിതാ പോലീസിന്റെ സാന്നിദ്ധ്യം വർദ്ധിപ്പിക്കുകയും, പ്രത്യേക ഐക്യം സ്ക്വാഡുകൾ രൂപീകരിക്കുകയും മഫ്ടി പോലീസിനെ ഡ്യൂട്ടിക്ക് നിയോഗിക്കുകയും ചെയ്യുന്നുണ്ട്. തൊഴിൽ മേഖലകളിലെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് വനിതാ ജീവനക്കാരുടെ നേതൃത്വത്തിൽ ഒരു കംപ്ലയിന്റ് കമ്മിറ്റി രൂപീകരിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതിൻ പ്രകാരം കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(ഇ) സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി പോലീസ് സേനയിൽ ഒരു എസ്. പി. യുടെ നേതൃത്വത്തിൽ വനിതാ സെൽ രൂപീകരിച്ചും, വനിതാ പോലീസിന്റെ സേവനം പ്രയോജനപ്പെടുത്തിയും ആവശ്യമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly